**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 76** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കേരളാ മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട്, 1980</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. എം. വിൻസെന്റ്

ശ്രീ. എ. ഡി. തോമസ്

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** 1980-ലെ കേരളാ മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിൽ, 2018-ൽ വരുത്തിയ ഭേദഗതിയുടെ ഭാഗമായി നിശ്ചിത യന്ത്രശേഷിയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് തീരത്തുനിന്ന് പന്ത്രണ്ട് നോട്ടിക്കൽ മൈൽ പരിധിക്കുള്ളിൽ മത്സ്യബന്ധനം നടത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** 1980 ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്റ്റിൽ 2017 ൽ ആണ് ഭേദഗതി വരുത്തിയിട്ടുള്ളത്. 1980 ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിൽ 2018-ൽ ഭേദഗതി വരുത്തിയിട്ടില്ല.

കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ റൂൾസ്, 2018 പ്രകാരം നിശ്ചിത യന്ത്ര ശേഷിയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് തീരത്ത് നിന്ന് പന്ത്രണ്ട് നോട്ടിക്കൽ മൈൽ പരിധിക്കുള്ളിൽ മത്സ്യബന്ധനം നടത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനുവേണ്ടിയും കടൽ മത്സ്യസമ്പത്ത് അമിതമായി ചൂഷണം ചെയ്യുന്നത് നിയന്ത്രിച്ച് സുസ്ഥിര മത്സ്യബന്ധനം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് നിശ്ചിത യന്ത്ര ശേഷിയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് തീരത്ത് നിന്ന് പന്ത്രണ്ട് നോട്ടിക്കൽ മൈൽ പരിധിക്കുള്ളിൽ മത്സ്യബന്ധനം നടത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. മത്സ്യസമ്പത്ത് കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ റൂൾസ്, 2018 ലെ റൂൾ 3 ഉപറൂൾ (1) (e) പ്രകാരം 20 മീറ്ററിന് മുകളിൽ നീളമുള്ളതും 250 എച്ച്.പി.യിൽ കൂടുതൽ എൻജിൻ ശക്തിയുള്ളതുമായ മത്സ്യബന്ധനയാനങ്ങളെ 12 നോട്ടിക്കൽ മൈൽ പരിധിക്കുള്ളിൽ മത്സ്യബന്ധനം നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. 1980 ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്റ്റിൽ 2018 ലെ റൂൾ 3 ഉപറൂൾ (2) (b) പ്രകാരം താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ നീളത്തിന്റെയും കുതിരശക്തിയുടെയും അനുപാതം പാലിക്കാത്തതും, ഈ റൂളുകൾ പ്രസിദ്ധീകരിച്ച തീയതിക്ക് (01-09-2018) മൂന്ന് മാസത്തിന് ശേഷം രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനങ്ങളുടെ മത്സ്യബന്ധനവും 12 നോട്ടിക്കൽ മൈൽ പരിധിക്കുള്ളിൽ നിയന്ത്രിച്ചിട്ടുണ്ട്.

| മത്സ്യബന്ധന യാനങ്ങളുടെ നീളം | അനുവദനീയമായ പരമാവധി കുതിര ശക്തി |
|---|---|

| | |
|---|---|
| 15 മീറ്റർ നീളം വരെ | 140 എച്ച്. പി. |
| 15 മുതൽ 17.5 മീറ്റർ വരെ | 200 എച്ച്. പി |
| 17.5 മുതൽ 20.00 മീറ്റർ വരെ | 250 എച്ച്. പി. |

**(ബി)** ഇത്തരത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയത് മത്സ്യത്തൊഴിലാളികൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം ഗൗരവമായി പരിശോധിക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** പ്രസ്തുത ഭേദഗതി പുനഃപരിശോധിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനുവേണ്ടിയും കടൽ മത്സ്യസമ്പത്ത് അമിതമായി ചൂഷണം ചെയ്യുന്നത് നിയന്ത്രിച്ച് സുസ്ഥിര മത്സ്യബന്ധനം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള ഭേദഗതി പുനഃപരിശോധിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**